(ബി) ക്ഷാമബത്ത ലഭിച്ചിരുന്നു. ഏറ്റവും ഒടുവിൽ 189% ക്ഷാമബത്ത ലഭിച്ചിരുന്നു.

അനുവദിച്ചിട്ടുണ്ട്.

ഉണ്ട്.

(സി) പ്രൈവറ്റ് സെക്രട്ടറി/
അഡീഷണൽ പ്രൈവറ്റ് സെക്രട്ടറി/
സ്പെഷ്യൽ പ്രൈവറ്റ് സെക്രട്ടറി/ - 255 രൂപ
അസിസ്റ്റന്റ് പ്രൈവറ്റ് സെക്രട്ടറി/
പേഴ്സണൽ അസിസ്റ്റന്റ്/
അഡീഷണൽ പേഴ്സണൽ അസിസ്റ്റന്റ്/
സ്പെഷ്യൽ പേഴ്സണൽ അസിസ്റ്റന്റ്/
സെക്ഷൻ ഓഫീസർ - 180 രൂപ
ക്ളാർക്ക്/ അസിസ്റ്റന്റ്/
സി.എ./ടൈപ്പിസ്റ്റ് - 145 രൂപ
ഷോഫർ - 160 രൂപ
ഹെഡ് പ്യൂൺ/
സഫേദാർ - 80 രൂപ
പ്യൂൺ/കണ്ടിജന്റ്
ജീവനക്കാർ - 75 രൂപ

(ഡി) ഈ തുക നേരത്തെ നൽകിയിരുന്ന സ്പെഷ്യൽ പേയ്ക്ക് തുല്യമാണ്. ഈ തുകയ്ക്ക് ക്ഷാമബത്ത കണക്കാക്കുകയില്ല.

(ഇ) ഉണ്ട്

(എഫ്) 189% ക്ഷാമബത്തയ്ക്ക് തുല്യമായ തുക ഓരോ വിഭാഗത്തിലുംപെട്ടവർക്ക് കുറയുന്നതാണ്.

(ജി) ഉണ്ട്.

(എച്ച്) ഇക്കാര്യം പരിഗണനയിലാണ്.

34 (1483) കെ.എസ്.എഫ്.ഇ. യിലെ ചിട്ടി സംബന്ധിച്ച വ്യവസ്ഥകൾ

ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസിൽ ചിട്ടിയിൽ ചേരുന്ന വിദേശമലയാളികൾക്ക് ചിട്ടിയുടെ നറുക്കുവീണാൽ തുക അനുവദിക്കുന്നതിന് നിലവിലുള്ള നടപടിക്രമങ്ങൾ എന്തൊക്കെ എന്ന് വ്യക്തമാക്കുമോ;

(ബി) നറുക്കുവീഴുന്ന കേസുകളിൽ നാട്ടിലുള്ള അവകാശികൾക്ക് വ്യക്തമായ രേഖകളുടെ അടിസ്ഥാനത്തിൽ തുക അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ)&(ബി) കെ.എസ്.എഫ്.ഇ. യിൽ ചിട്ടിയിൽ ചേരുന്ന വിദേശമലയാളികൾക്ക് നറുക്കുവീണാൽ മറ്റു ചിറ്റാളൻമാർക്കുള്ളതുപോലെ ആൾജാമ്യം, വസ്തുജാമ്യം, ഫിക്സഡ് ഡെപ്പോസിറ്റ് രസീത്, എൽ.ഐ.സി. പോളിസി, വിളിക്കാത്ത ചിട്ടിയുടെ പാസ്ബുക്ക് എന്നിവ ജാമ്യമായി നൽകി സെക്യൂരിറ്റി ബോണ്ടു തയ്യാറാക്കി തുക കൈപ്പറ്റാവുന്നതാണ്. വിദേശത്തുവച്ച് ബോണ്ടുകൾ തയ്യാറാക്കുമ്പോൾ അതാത് എംബസിയിലെ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ ആദ്യ സാക്ഷി ആയിരിക്കേണ്ടതാണ്. മേൽ പറഞ്ഞവയ്ക്ക് പുറമേ നാട്ടിലുള്ള ഏതെങ്കിലും ഒരു വ്യക്തിയെ മുക്തിയാർ പ്രകാരം ചിട്ടി സംഖ്യ വാങ്ങിക്കുവാൻ അധികാരപ്പെടുത്താവുന്നതാണ്.

35 (1484) പി.ഡബ്ല്യൂ.ഡി. വർക്കുകൾക്ക് ധനകാര്യവകുപ്പ് നീക്കിവച്ച തുക

ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പി.ഡബ്ല്യൂ.ഡി. വർക്കുകൾക്ക് 1998 മാർച്ച് മുതൽ 1999 മാർച്ച് വരെ എത്ര തുക ധനകാര്യവകുപ്പ് നീക്കിവച്ചിട്ടുണ്ട്;

(ബി) ഇതിൽ എന്തുതുക ചെലവഴിച്ചു എന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തെ ഏതെങ്കിലും പണികൾക്ക് അഡീഷണൽ തുക അനുവദിക്കേണ്ടിവന്നിട്ടുണ്ടോ;

(ഇ) എങ്കിൽ ഏതെല്ലാം പണികൾക്കാണ് അനുവദിച്ചിട്ടുള്ളതെന്നും എത്ര തുക വീതം അനുവദിച്ചുവെന്നും അറിയിക്കുമോ?

ഉത്തരം

(എ)	റോഡുകളും പാലങ്ങൾക്കും	110.44 കോടി രൂപ
	രാജപാതകൾ	12.23 കോടി രൂപ
	ബിൽഡിംഗ്സ് ആന്റ്	
	ലോക്കൽ വർക്സ്	107.93 കോടി രൂപ
(ബി)	റോഡുകളും പാലങ്ങൾക്കും	108.54 കോടി രൂപ
	രാജപാതകൾ	4.23 കോടി രൂപ
	ബിൽഡിംഗ്സ് ആന്റ്	
	ലോക്കൽ വർക്സ്	
	(1999- ഫെബ്രുവരി	
	28-ാം തീയതി വരെ)	6.10 കോടി രൂപ

(സി) അനുവദിച്ചിട്ടുണ്ട്.

(ഡി) അഡീഷണൽ തുക അനുവദിച്ച പണികളും തുകയും അനുബന്ധത്തിൽ പറയും പ്രകാരമാണ്.†

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly